LIBRARY ARCHIVES Kerala Legislative Assembly

ഡാമുകളിലേക്കുള്ള നീരൊഴുക്ക്

94 (6253) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കാലത്ത് ഡാമുകളിലേക്കുള്ള നീരൊഴുക്ക് വർദ്ധിച്ചിട്ടുണ്ടോ ; പ്രധാന ഡാമുകളിലെ ജലനിരപ്പ് 15-7-2010-ൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം ഈ കാലയളവിൽ ജലനിരപ്പ് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) കാലവർഷക്കാലത്ത് ഡാമുകളിലേക്കുള്ള നീരൊഴുക്ക് വർദ്ധിച്ചിട്ടുണ്ട്. 15-7-2010-ലെ ജലനിരപ്പും കഴിഞ്ഞ വർഷം ഈ കാലയളവിൽ ഉണ്ടായിരുന്ന ജലനിരപ്പും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

തീരസംരക്ഷണം

95 (6254) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി പുതിയ കടൽഭിത്തി നിർമ്മാണത്തിനും പഴയവ പുതുക്കി പണിയുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തീവ്രമായ കടലാക്രമണത്തിന് വിധേയമാകുന്ന തീരപ്രദേശത്തിന്റെ ദൈർഘ്യം എത്ര വരുമെന്ന് അറിയിക്കുമോ ;

(സി) തീരദേശ സംരക്ഷണത്തിനായി ഇതിനോടകം ആകെ എത്ര ദൈർഘ്യത്തിൽ കടൽഭിത്തി നിർമ്മിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) നൂതന സാങ്കേതിക വിദ്യകൾ തീരദേശ സംരക്ഷണത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) "2711-02-103-99-ASE mace NIP" എന്ന ശീർഷകത്തിൽ 7.50 കോടി രൂപ.

(ബി) ഏകദേശം 286.207 കി.മീ.

(സി) ആകെ 293.640 കി.മീ. ദൈർഘ്യത്തിൽ തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്.

(ഡി) "ഗാബിയോൺ ബോക്സ്" ഉപയോഗിച്ചുള്ള നൂതന കടൽ ഭിത്തിയും മദ്രാസ് ഐ.ഐ.ടി.യുടെ രൂപകല്പന പ്രകാരമുള്ള പുലിമുട്ടുകളും കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിർമ്മിച്ചു വരുന്നുണ്ട്.

ജലവിഭവ വകുപ്പ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ

96 (6255) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ഐ. ഡി. എഫ് XVI- ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് വേണ്ടി എത്ര കോടി രൂപയുടെ പദ്ധതികളാണ് ജലവിഭവ വകുപ്പ് ധനകാര്യ വകുപ്പിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ നിന്നുമുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇതിലുള്ളതെന്ന് ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡിന്റെ (ആർ.ഐ.ഡി.എഫ് XVI) ധനസഹായത്തോടെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളിലെ 15 വർഷത്തിലേറെ പഴക്കമുള്ളതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ് സെറ്റുകളും മോട്ടോറുകളും മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള 34.14 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	-	തുക (ലക്ഷത്തിൽ)
(1)		(2)
തിരുവനന്തപുരം		477.45
കൊല്ലം		164.25
പത്തനംതിട്ട		276.614
ആലപ്പുഴ		21.20

LIBRARY ARCHIVES Kerala Legislative Assembly